# വർണ്ണമഴ





ലിറ്റിൽ കൈറ്റ്സ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ മണലൂർ

## വർണ്ണമഴ

അരവിന്ദൻ പഠിച്ച പാഠം....3
മഴ കവിത....5
വിയർക്കുന്ന ഭൂമി....6
ഉദ്ധരണികൾ....9
കടങ്കഥകൾ....11
കടൽ....12
കുട്ടിക്കാലം....13
കുയിലിന്റെ കൂട്....14
ചന്ദ്രൻ....15
ജീവിതം....16
തെയ്യവും തിറയും....17
തോരാമഴയത്ത്....18
പുഴ....19
മതിലുകൾ തകർത്ത ബന്ധങ്ങൾ....20
ഞാൻ കണ്ട മഴ....21
വായനക്കുറിപ്പ്....22
വിദ്യാഭ്യാസം സർവ്വധനാൽ പ്രധാനം....22
സൗഹൃദം....24



## അരവിന്ദൻ പഠിച്ച പാഠം

നിനച്ചിരിക്കാതെ വീണുകിട്ടിയ ഹർത്താൽ ആഘോഷമാക്കാൻ തീരുമാനിച്ചിരിക്കുകയാണ് അരവിന്ദനും കൂട്ടരും. രാവിലെ തന്നെ മുറ്റത്തു സ്റ്റംബൊക്കെ നാട്ടി ക്രിക്കറ്റ് കളി തുടങ്ങി. കളി അങ്ങനെ തകൃതിയായി നടക്കുമ്പോള് വീടിനുള്ളിൽ നിന്നു അമ്മ പുറത്തേക്കു വന്നു

"എന്റെ മക്കളേ അടുത്താഴ്ച വലിയ പരീക്ഷ തുടങ്ങുകയല്ലേ, കുറെ നേരമായില്ലേ കളിക്കുന്നത് ഇനി പോയിരുന്നു വല്ലതും പഠിച്ചൂടെ? "

"പരീക്ഷയൊന്നും ഞങ്ങൾക്കു പ്രശ്നമല്ല അമ്മേ തലേ ദിവസം പഠിച്ചാലും ജയിക്കാനാവുന്നതല്ലേയുള്ളൂ " അരവിന്ദൻ മറുപടി പറഞ്ഞു .

അമ്മ കൂടുതലൊന്നും പറയാൻ നിൽക്കാതെ അകത്തേക്കു പോയി. ഉച്ചയായതോടെ എല്ലാവർക്കും വിശന്നു. ഭക്ഷണം കഴിക്കാനായി ഓരോരുത്തരും തങ്ങളുടെ വീട്ടിലേക്ക് പോയി.അരവിന്ദൻ ചെന്നു നോക്കുമ്പോൾ ഭക്ഷണമേശ നിറയെ വിഭവങ്ങൾ ഒരുക്കിവച്ചിരിക്കുകയാണ് ഇന്നത്തേയ്ക്കും നാളെക്കും ഉള്ള ഭക്ഷണങ്ങൾ മേശയിൽ നിരത്തിവച്ചിരിക്കുന്നു .അവൻ പറഞ്ഞു .

"ഇതെലാം കൂടി ഒരുമിച്ചുണ്ടാക്കി തന്നാൽ ഞാൻ എങ്ങനെ കഴിക്കും ? "

"എന്താ കഴിച്ചാൽ?"

"വല്ല  അസുഖവും വരില്ലേ? പോരാത്തതിന്  ഞാനിത് മിച്ചം വയ്ക്കുകയും ചെയ്യും."

“ അപ്പോൾ നിനക്ക്  കാര്യങ്ങളൊക്കെ അറിയാം അല്ലേ? “അമ്മ തുടർന്നു

"പല ദിവസങ്ങളിൽ പലനേരങ്ങളായി പല അധ്യാപകർ പഠിപ്പിച്ച കാര്യങ്ങൾ  ഒരുമിച്ചു പഠിക്കാൻ കുട്ടിവച്ചാൽ എങ്ങനെ ശരിയാക്കും?ഒരു ദിവസത്തെ ആഹാരമെല്ലാം ഒരുമിച്ചു കഴിക്കുമ്പോൾ വയറിന് അസുഖം വരുന്നതുപോലെ പഠിക്കാനുള്ള കാര്യങ്ങളെല്ലാം ഒരുമിച്ച് ഒരുമിച്ചു തലച്ചോറിൽ കയറ്റാൻ ശ്രമിച്ചാൽ തലച്ചോറിന് അത് താങ്ങാനുള്ള ശക്തിയുണ്ടായെന്നുവരില്ല.അതുകൊണ്ട് അന്ന് പഠിക്കാനുള്ളവ  അന്നന്നു തന്നെ പഠിക്കണം. മോന്  അമ്മ പറഞ്ഞതു മനസിലായോ ? “

"ഉവ്വ്  അമ്മെ. ഇനി എന്നും ഞാൻ കൃത്യമായി പഠിച്ചോളാം. ഇന്നിനി കളിയില്ല. കഴിഞ്ഞ ദിവസങ്ങളിൽ പഠിക്കാതെ വച്ചിരുന്ന ഭാഗങ്ങൾ പഠിക്കാൻ ഈ സമയം വിനിയോഗിക്കും." അരവിന്ദൻ പറഞ്ഞു.

ആവശ്യത്തിന് ഭക്ഷണം കഴിച്ചതിനു ശേഷം അരവിന്ദൻ പുസ്തകങ്ങളുമായി തന്റെ മുറിയിലേക്കു പോയി.

-അയന ഡേവിസ് വി




## മഴ കവിത

മഴയുടെ ശബ്ദം

ചിറകടി ശബ്ദം

ഒഴുകിയൊഴുകി

വന്നിടുന്നു (2)

മഴയുടെ ശബ്ദം (2)


കളിയാടാനൊന്ന് കൊതിച്ചിരുന്നൊന്ന് ഞാൻ

മഴവെള്ള പാച്ചിലിൽ കളിച്ചിടുമ്പോൾ (2)

മഴയുടെ ശബ്ദം മുല്ലതൻ വള്ളിയിൽ പൂവിട്ടനേരം ഞാൻ

സന്തോഷ നൃർത്തമാടി രസിച്ചിടുബോൾ.

നന്ദന വി. ആർ




## വിയർക്കുന്ന ഭൂമി

നമ്മുടെ പ്രകൃതി നാശത്തിലേക്ക് പ്രവേശിക്കുകയാണ് കാലാവസ്ഥ പോലും മാറ്റം വന്നിരിക്കുന്നു. മഴ പെയ്യേണ്ട സമയത്ത് വെയിലും വേനൽ സമയത്ത് കാറ്റും. ഇതാണ് പ്രകൃതിയുടെ അവസ്ഥ ഗ്രാമങ്ങൾ വളരെ വേഗം നഗരമായി മാറുന്നു പാടങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സ്ഥാനത്ത് ഫ്ലാറ്റുകൾ ഉയരുന്നു. കൃഷി വ്യവസായങ്ങൾക്ക് വഴിമാറുന്നു. അന്തരീക്ഷത്തിലെ ചൂട് വർദ്ധിക്കുന്നു. ശുദ്ധജലം പോലും വിലകൊടുത്തു വാങ്ങേണ്ട അവസ്ഥ വരുന്നു. ഈ ഭൂമിയോട് നാം ചെയുന്ന ദ്രോഹങ്ങൾ യഥാർത്ഥത്തിൽ നാം നമ്മോട് തന്നെ ചെയ്യുന്നതാണ്. എല്ലാ ജീവജാലങ്ങൾക്കും ഭൂമിയിൽ ഒരു പോലെയാണ് അവകാശം. മഴക്കാലത്താകട്ടെ പ്രളയം നമ്മുടെ ജീവിതത്തിന് ഭീഷണിയാകുന്നു. പ്രപഞ്ചത്തിലെ പല ജീവികൾക്കും വംശനാശം സംഭവിക്കുന്നു. നമുക്കു മാത്രം അനുഭവിക്കാനു ള്ളതാണോ ഈ ഭൂമി? ഒരിക്കലുമില്ല ഭൂമിയെ സൃഷ്ടിച്ചതോ ജീവനെ നിലനിർത്തുന്നതോ മനുഷ്യനല്ല. ഈ ഭൂമിയോട് നാം ചെയ്യുന്ന ദ്രോഹങ്ങൾ യഥാർത്ഥത്തിൽ നാം


നമ്മോട് തന്നെ ചെയ്യുന്നതാണ് . എല്ലാ ജീവജാലങ്ങൾക്കും ഭൂമിയിൽ ഒരുപോലെ അവകാശമുണ്ട്. മനുഷ്യന് മാത്രമായി ഈ ഭൂമിയിൽ ജീവിക്കാൻ സാധിക്കില്ല. എല്ലാവരുടെയും നിലനിൽപ്പിനു വേണ്ടിയുള്ളത് ഇവിടെ തന്നെയുണ്ട്. വിവേകപൂർവ്വം അവ ഉപയോഗിച്ചാൽ മാത്രമേ വരും തലമുറക്ക് ഇവിടെ ജീവിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് നമുക്കാവശ്യമായത് മാത്രം ഉപയോഗിക്കുക. സഹജീവികളോട് സ്നേഹത്തോടെ പെരുമാറുക പ്രകൃതി നമ്മുടേതല്ല നാം പ്രകൃതിയുടേതാണെന്നു തിരിച്ചറിയുക .

-നിരഞ്ജന



## ഉദ്ധരണികൾ

- വിദ്യഭ്യാസത്തിന്റെ വേരുകൾ കയ്പ്പുള്ളതാണ് എന്നാൽ ഫലം വളരെ മധുരമേറിയതും - അരിസ്റ്റോട്ടിൽ.
- ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം -എബ്രഹാം ലിങ്കൺ.
- അറിവാണ് ശക്തി -തോമസ് ഹോബ്സ്.
- എനിക്ക് ഒരു കൾച്ചറേ അറിയൂ അത് അഗ്രികൾച്ചറാണ്-സർദാർ പട്ടേൽ.
- നൂറു ഭീരുക്കൾ ചേർന്നാൽ ധീരമായ തീരുമാനമുണ്ടാവുകിയില്ല -ഹിറ്റ്ലർ .
- ചിന്തയില്ലാത്ത ജ്ഞാനവും ജ്ഞാനമില്ലാത്ത ചിന്തയും വ്യർത്ഥമാണ് -കൺഫ്യൂഷ്യസ്.





## കടങ്കഥകൾ

- വേലിപൊത്തിൽ വൈരക്കല്ല്  - മിന്നാമിനുങ്ങ്
- അടിക്കാത്ത മുറ്റമേത്  - ആകാശം
- ചെടിമേൽ കായ,കായമേൽ ചെടി- കൈതച്ചക്ക
- വട്ടത്തിൽ ചവിട്ടുമ്പോൾനീളത്തിൽ ഓട്ടം- സൈക്കിൾ
- ആയിരം കിളികൾക്കൊരു കൊക്ക്  - വാഴക്കുല
- പിഠിച്ചാൽ ഒരു പിടി,അരിഞ്ഞാൽ ഒരു പുറം- ചീര
- നാലു വഴി നാലായിരം കടം - ചതുരക്കളി
- തിന്നില്ല,കുടിക്കില്ലതല്ലാതെമിണ്ടില്ല -  ചെണ്ട
- മുറ്റത്തെ ചെപ്പിനടപ്പില്ല - കിണർ
- ഞെട്ടിയില്ല വട്ടയില്ല - പപ്പടം
- മണിയടിച്ചാൽ മലമ്പാമ്പോട്ടം - തീവണ്ടി
- ഇട്ടാൽ പൊട്ടാത്ത കിങ്ങിണി മൊട്ട- കടുക്
- വേലി നീളെ നീലക്കല്ല്  - ശംഖുപുഷ്പം
- ഉറങ്ങും കണടക്കില്ല - മത്സ്യം
- അടക്കും തുറക്കും കിങ്ങിണിപ്പത്തായം  - കണ്ണ്
- പിന്നാലെ വന്നവൻ മുന്നാലെ പോയി - പല്ല്
- അയിരം തിരിയിട്ട് കത്തിച്ച പൊൻവിളക്ക്  - സൂര്യൻ
- അടുപ്പിൻ തിണ്ണേലമ്മായിയമ്മ – പൂച്ച

# കടൽ



കടലെന്ന ജിവിതമാണ് എവർക്കും

അതിൽ കുഴയുണ്ട് ഉയർച്ചയുണ്ടാഴവുമുണ്ട്

എത്ര ആഴത്തിൽ ചെന്നാലും

ഒരുനാൾ പൊങ്ങും

എത്ര ഉയരത്തിൽ വീശിടിച്ചാലും

ഒരു നാൾ താഴും

എന്നാലും മുന്നിലേക്കുതന്നെയോടാം

ചുഴിയായി ദുഖത്തെ ഉള്ളിലേക്കാഴ്ത്താം

ആർത്തിരമ്പി സന്തോഷിച്ചീടാം

കരയിലെത്തുമ്പോൾ പിന്നെയും

പോകാം എങ്കിലും മുന്നോട്ടു തന്നെ കുതിക്കാം

പ്രതീക്ഷയും ആഗ്രഹവും നിറഞ്ഞ തിരകൾ

മുന്നോട്ട് കുതിക്കുമ്പോഴും

നമ്മെ പിന്നിലേക്ക് വലിക്കാം പലതും

എന്നാലുമതിനെ തരണം ചെയ്യാം

മുന്നോട്ടു നീങ്ങാം വിജയം നേടാം

- വിനായക് ചന്ദ്രൻ

# കുട്ടിക്കാലം



ആദ്യമായ് കരഞ്ഞ് ഓടി എത്തിയ

കളിച്ചും ചിരിച്ചും നടന്നകാലം

പരാതിയില്ല പരിഭവമില്ല വിഷമവുമില്ല

അച്ഛന്റെയും അമ്മയുടെയും പൊന്നുണ്ണിയായ്.

കാലങ്ങൾ പോയി പ്രായം കടന്നുപോയ്

എന്നാലും ഓർമയിൽ എത്തുന്ന പുണ്യകാലം

ചിതറി തെറിച്ചു പോയാലും

എന്നും മനസ്സിൽ നിറയുന്ന ആ

പുണ്യകാലം.....

നീയിൽ ഞാനില്ല എല്ലാം

ഒന്നല്ലേ ഈ കാലത്ത്

ഓർമ്മയിൽ ഒരു ശിശിരക്കാലത്ത്

ഓടി കളിക്കുന്ന ആ കുഞ്ഞുപാദങ്ങൾ.

-ആര്യ ബൈജു

# കുയിലിന്റെ കൂട്



നീലിമയേറും കുയിലിനൊരു കൂടുണ്ടാക്കാൻ മോഹം

താലോലിച്ചിട്ട തൻ മുട്ടകൾ കാകന്മാർ കൊത്തിയുടച്ചപ്പോൾ

അന്നവൾ തൻ കണ്ണിൽ വിരിഞ്ഞൊരു സ്വപ്നം

കാട്ടും മലയും പുഴയും കടന്നവൾ

ചുള്ളിയും കമ്പും പെറുക്കി

നെഞ്ചിൽ മോഹത്തിൻ കൂടൊരുക്കിയവൾ കൂടുണ്ടാക്കാൻ തുടങ്ങി

പരിഹാസചിരിയുടെ പ്രതിധ്വനിയെന്നിലൂടെ

കത്തിനി ചെവിയോർക്കുകയില്ല

പരിശ്രമിച്ചവൾ കൂടുപണിതവൾ

സന്തോഷദാരിയുമായി കണ്ടാൽ

കൂടിന്റെ ചായയിൽ ചുളിതാണ്

കൂട്ടം മാറ്റർ പെട്ടെന്നു വന്നൊരു

പേമാരിയവളുടെ കൂടമെടുത്തു കളഞ്ഞു

കരാത്തവള് ഉടയോൻ പ്രാർത്ഥിച്ചു നിന്നപ്പോള്

ദൈവം മുന്നിലായി വന്നു സ്നേഹത്തോടെ മൊഴിഞ്ഞു
നിന്നുടെ ജന്മം പാടാനായി വിധിച്ച ഞാൻ നേരത്തെ താനെ
കൂട്ടുണ്ടാകാൻ മോഹിക്കുന്നതിനി  പഴയ നിൻ്റെപത്ര തുടരു  പഴയ നിൻ്റെപത്ര തുടരു

## ചന്ദ്രൻ



രാവിൽ തിളങ്ങുന്ന ചന്ദ്രനെ ഞാനൊരു
കിണ്ണത്തിലിട്ടു പിടിച്ചുവല്ലോ
അമ്മയ്ക്കും അച്ഛനും കാട്ടികൊടുത്തീല്ലാ
ആങ്ങിളമാർക്കോ തീരയില്ല
 എത്രയോ നേരമായ്
നോക്കി കിടന്നു താൻ
നേരം വെളുക്കുന്നക്കാലം വരെ
രാവ് കറുത്ത് നേരം വെളുത്തപ്പോഴോ
ചന്ദ്രനെ കാണുന്നതില്ലതാനും
പൊട്ടികരഞ്ഞു ഞാൻ വേഗംപോയ്
അച്ഛനെ കെട്ടിപിടിച്ചു കരഞ്ഞു വല്ലോ

## ജീവിതം



ജീവിതമെന്നൊരാഴക്കടലിൽ

എന്നുമെത്തുമോരോ തിരകൾ

സന്തോഷ ദുഃഖകളാകുന്ന തിരകൾ

പകർന്നു തരുമോരോ അറിവും

കരകയറാനുള്ള തോണികളായ് മാറും

കടൽ മത്സ്യമാകുന്ന മനുഷ്യരും

അതിൽ വമ്പൻമാരാകുന്ന അസുരശക്തിയും

ചൂഷണങ്ങളുടെ വലയിലകപ്പെട്ടവരും

ജീവിതകടലിൽ  സ്വയം മുങ്ങുന്നവരും

മഹാ സാഗരത്തിൽ വിപ്ലവങ്ങൾ സൃഷ്ടിക്കും

ഒരു തോണിയിൽ പല ദിശകൾ തേടാൻ

പല ജീവിതം തേടാൻ അലയുന്നവർ

മനുഷ്യത്യമെന്ന ജാതി ഉരിയാടാതെ

സ്വയം നശിക്കാൻ തയ്യാറായവർ

തോണിയിൽ നിന്ന് തെന്നി വീഴുന്നു

# തെയ്യവും തിറയും



ഉത്തര കേരളത്തിൽ വിശേഷിച്ചും കണ്ണൂർ,കാസർഗോഡ് ജില്ലകളിൽ പ്രചാരത്തിലുള്ള ഒരു അനുഷ്ഠാന കലയാണ് തെയ്യം. ഒരാൾ തെയ്യത്തിന്റെ കോലം കെട്ടി കഴിഞ്ഞാൽ ആ ആളെ ദൈവമായിട്ടാണ് സങ്കല്പിക്കുന്നത്. ദേവതകൾ,മരിച്ചുപോയ കാരണവന്മാർ,വീരപുരുഷന്മാർ തുടങ്ങി പല കോലങ്ങളും കെട്ടിയാടുന്നു. കോഴിക്കോട് ജില്ലയിൽ തെയ്യത്തിനു സമ്മാനമായി 'തിറ'യാണ് നടത്തുന്നത്. നാട്ടു പ്രമാണികൾ കാര്യാലോചനയ്ക്കായി ഒത്തുചേരുന്ന 'താരകളിൽ' വച്ച് നടത്തുന്നത്കൊണ്ട് ഇതിനെ തിറയാട്ടമെന്നു പറയുന്നു. വേഷത്തിലും നൃത്തത്തിലും തോറ്റങ്ങളിലുമെല്ലാം തെയ്യവും തിറയും വ്യത്യസ്ത സ്വഭാവങ്ങൾ പുലർത്തുന്നു .ദേവീ ദേവന്മാരുടെയോ വീരപുരുഷന്മാരുടെയോ പ്രതിഷ്ഠയുള്ള കാവുകളിലാണു തെയ്യമാടുന്നത്. നാനൂറിൽപരം തെയ്യങ്ങളുള്ളതായി പറയുന്നുണ്ടെങ്കിലും നൂറോളം തെയ്യങ്ങളുടെ വേഷങ്ങളാണ് കൂടുതലായും കെട്ടിയാടാറുള്ളത്. കവുങ്ങിൻ പാളകൊണ്ട് മരംകൊണ്ടോ ഉണ്ടാക്കിയ മുഖംമൂടിയും കുരുത്തോല കൊണ്ട് പ്രത്യേക രീതിയിൽ വളച്ചുണ്ടാക്കിയ 'ഉട'യും തെയ്യത്തിന്റെ വേഷത്തിലെ പ്രധാന ഘടകമാണ് . മനയോള ,ചായില്യം,കരിമഷി,മഞ്ഞൾപൊടി, അരിമാവ്,എന്നിവ ഉപയോഗിച്ചുള്ള മുഖത്തെഴുത്തും പതിവുണ്ട് . വാദ്യോപകരണങ്ങളിൽ പ്രധാനം ചെണ്ടയാണ് .

## തോരാമഴയത്ത്



മഴ കോരിച്ചൊരിയുകയായിരുന്നു. കാർമേഘം കെട്ടി നിൽക്കുന്ന മാനത്ത് മിന്നൽപ്പിണരുകൾ പൊട്ടിപ്പുറപ്പെട്ടു.മെല്ലെ വീശിയടിച്ചകാറ്റ് ശക്തി പ്രാപിച്ചു. അനാഥാലായത്തിലെ വയസ്സിത്തള്ള അവനോടു പറഞ്ഞിട്ടുണ്ട് ഇതുപോലൊരു മഴയിലാണ് അവന് വീടും നാടും മാതാപിതാക്കളും നഷ്ടപ്പെട്ടത് എന്ന് വയസ്സിത്തള്ള .വയസ്സിത്തള്ള പാവമായിരുന്നു. അവനെപ്പോല്ലെത്തന്നെ ഓർ മനഷ്ടപ്പെട്ട പാവം. അവരെ ആരും ദത്തെടുത്തില്ല. വൈകാതെ ഒരലർച്ച അവന്റെ വികാരങ്ങളെ ഭേദിച്ച് കടന്നു. അനാഥാലായത്തിലെ സ്റ്റാഫ് അവനെ തൂക്കി അകത്തിട്ടു.ആരോ വാതിലിൽ മുട്ടി ചിലർ അകത്തേക്ക് കടന്നു വന്നു. അവരെ എവിടെയോ കണ്ടിട്ടുള്ള പോലെ റൊട്ടിയും വെണ്ണയും സൂപ്പും ഞായറാഴ്ച്ച ഭക്ഷണം പരിസമാപ്തിയിലെത്തി. അവൻ ചിരിക്കുന്നത് ആരും കണ്ടിട്ടില്ല. അതിഥികൾ സിസ്റ്ററിതോട് ചറപറ വർത്തമാനം.അവൻ ഭക്ഷണം കഴിഞ്ഞ് സിസ്റ്റിന്റെ റൂമിൽ വന്നു.അവിടെ ഒരു അതിസുന്ദരിയായ ഒരു ചേച്ചിയും ചേട്ടനും ഒരു കുട്ടി അവനെ നോക്കി ചിരിക്കുന്നു. 2 വയസ്സ് പ്രായം വരുമായിരിക്കും അവൻ ഊഹിച്ച പിന്നെ ഒരു കമ്പിളിയിൽ പൊതിഞ്ഞ ഒരു കുട്ടി "ഇതാരാ സിസ്റ്റേ" 'ഇത് നിന്റെ അനിയത്തിയോ' അപ്പോൾ അതോ നിലത്ത് നിൽക്കുന്ന വലിയ കുട്ടിയെ നോക്കി അവൻ ചോദിച്ചു.'ഇത് നിന്റെ അനിയന് ' സിസ്റ്റ് പുഞ്ചിരിച്ചു.അവന് മനസ്സിലായി ഇതാണവന്റെ കുടുംബമെന്ന് അവൻ സന്തോഷംകൊണ്ട് തുള്ളിച്ചാടി അവന് എല്ലാവരെയും ഇഷ്ടമായി. എല്ലാവർക്കും അവനെയും അവൻ ജിവിതത്തിലാദ്യമായി അവൻ പുഞ്ചിരിച്ചു എല്ലാവരോടും യാത്ര പറഞ്ഞ് തോരാമഴയത്ത് സ്നേഹദരിതമായ ആ കുടുംബത്തോടൊ-

ഷം അവൻ കാറിൽ യാത്രതിരിച്ചു. വയസ്സിത്തള്ള സന്തോഷം കൊണ്ട് കരഞ്ഞു ഒരു പെൺകുട്ടി പറഞ്ഞു എന്നെ കൊണ്ടുവാൻ എന്റെ അച്ഛൻ ഒരു തോരാമഴയത്ത് അവന് കിട്ടിയപ്പോലെ ജിവിതം നഷ്ടമായ അതേ ദിവസം തോര മഴയത്ത്. ആ തോരാമഴ നിന്നു അനാഥാലയത്തിൽ നിശബ്ദമായ കണ്ണിരിന്റെ തോരാമഴ ഇടിമുറിയാതെ ചെയ്തുകൊണ്ടിരുന്നു.

## പുഴ



നാടാകെ പുഴയുണ്ടായിരുന്നെ

പുഴനിറയെ മീനുണ്ടായിരുന്നെ

മീനുകളെ പിടിക്കുവാനായി

മനുഷ്യനും അവിടെയുണ്ടായിരുന്നെ

പിന്നെ ആ മീനുകൾ കറിയായിരുന്നെ

ആ കറി രുചിയായിരുന്നെ

ആ മീൻ പിന്നെ നാവിലായിരുന്നെ

നാവ് നിറയെ വെള്ളമായിരുന്നെ

ആ വെള്ളം പുഴയായല്ലോ

പിന്നെ നിരവധി നാവുകൾ

നിറയെ പുഴയുണ്ടായിരുന്നെ -യാദവ് വി.എൻ

## മതിലുകൾ തകർത്ത ബന്ധങ്ങൾ



സ്നേഹബന്ധങ്ങളുടെ കെട്ടുറപ്പ് മറ്റുള്ളവരിൽ നമ്മുക്കുള്ള സ്നേഹവും കരുതലുമാണ്. എന്നാൽ ഇന്ന് സമൂഹത്തിൽ ബന്ധങ്ങൾക്കിടയിൽ ആർത്തിയുടെയും അഹങ്കാരത്തിന്റെ കൂറ്റൻ മതിലുകള് ഉയർന്നുകൊണ്ടിരിക്കാണ്.പണ്ടുകാലങ്ങളിൽ സ്വന്തം വീട്ടിൽ ഒരു അംഗത്ത പോലെയാണ് അയൽ ക്കാരെ കണ്ടിരുന്നത്.അവർക്കിടയിൽ സുഖങ്ങളും ദുഖങ്ങളുമാണ് പങ്കുവെച്ചിരുന്നത്.എന്നാൽ ഈ കാലഘട്ടത്തിൽ അസൂയയും കുശുമ്പുമാണ് കൈമാറുന്നത്.നഗരങ്ങൾ ഗ്രാമങ്ങൾ വിഴുങ്ങിയതോടെ അണുകുടുംബങ്ങളായി നമ്മൾ താമസിക്കുന്നത് മതിൽക്കെട്ടുകൾക്കും ഫ്ളാറ്റുകളിലെ നാലു ചുമരിനും ഉള്ളിലാണ്.സ്വന്തം അപ്പുറത്ത് താമസിക്കുന്നവരെ പോലും അവർ അറിയുന്നില്ലയെന്നതാണ് വാസ്തവം. അപ്രതീക്ഷിതമായി വന്ന പ്രളയം ഇവയെയൊക്കെ തകർത്തു.രക്ഷാപ്രവർത്തനങ്ങൾക്ക് തടസ്സമായത് നമ്മൾ കെട്ടിയുയർത്തിയ മതിലുകളും ഗേറ്റുകളുമായിരുന്നു.വഞ്ചികൾ അവയിൽ തട്ടി തകർന്നു.എന്നാല് ജീവനോടുള്ള കൊതിക്കൊണ്ട് അവർ ഒറ്റകെട്ടായി പ്രവർത്തിച്ചു.ജാതിയുടെ പേരിൽ തമ്മിതല്ലുന്ന നമ്മുടെ നാട്ടിൽ ഒരു പ്രളയം വന്നപ്പോൾ ജാതിയും മതവും ചെറിയവനോ വലിയവനോയെന്ന വേർത്തിരുവുണ്ടായില്ല.ഇത്രയും കഠിന പ്രതിസന്ധികളിൽ തളരാതെ ഒറ്റമനസ്സോടെ മുന്നേറിയപ്പോൾ പ്രളയം

മുട്ടുകുത്തിപ്പോയി.ഒരു പ്രളയം നമ്മെ പഠിപ്പിച്ചു എങ്ങനെ സ്നേഹിക്കണമെന്ന് മനുഷ്യർക്കിടയിൽ മതിലുകളെല്ലാം അപ്രസക്തമാണെന്ന് പ്രളയം തെളിയിച്ചു.

-രേഷ്മ

## ഞാൻ കണ്ട മഴ



ഇന്നലെ വീട്ടിന്നിറയത്ത് വെച്ച്

ഞാനെഴുതുകയായിരുന്നു

നിനച്ചിരിക്കാതെ മനമിരുണ്ടു

എന്റെമനസ്സിലും കരിപുരണ്ടു

പെട്ടെന്ന് പൂത്തിരി കത്തിച്ചപോലെ

പൊട്ടിച്ചിരിച്ചു മാനമിറങ്ങി

എന്റെ മനസ്സിലും തുള്ളലായ്

മഴയുടെ ഗന്ധമവിടെ ഓടിനടന്നു

ഞാനൊരു കളിവഞ്ചിയിറക്കി

മനസ്സിലും മേനിയിലും കുളിർക്കോരി

മഴപെയ്ത് തോർന്നപ്പോഴും

മനസ്സിൽ മഴ പെയ്യുന്നുണ്ടായിരുന്നു

-അനാമിക

## വായനക്കുറിപ്പ്


മുല്ലൂർ സുരേന്ദ്രൻ എഴുതിയ ബന്ധങ്ങൾ ബന്ധനങ്ങൾ എന്ന കഥാപുസ്തകത്തിലെ ചിലന്തി മാസ്റ്റർ എന്ന കഥയാണ് ഞാൻ വായിച്ചത്. നല്ല രസകരമായ കഥയായിരുന്നു.ഇതിൽ നമ്മുക്ക് കാണാൻ അറപ്പും വെറുപ്പും തോന്നിക്കുന്നതുമായി എട്ടുകാലി നമ്മുക്ക് ഉപകാരിയാണ് എന്ന് നമ്മുക്ക് മനസിലർ പിക്കുന്ന ഒരു കഥയാണിത്, പൂന്തോട്ടത്തിൽ എട്ടുകാലിയുടെ കൂട്കൂട്ടി നശിപ്പിച്ചു അപ്പോൾ മുത്തശ്ശൻ പറഞ്ഞതെന്തന്നാൽ ഈ നശിപ്പിച്ച വലക്കുള്ളിൽ കുടുങ്ങിയ പ്രാണികളെയും കൊതുകിനെയും ഈച്ചയെയും കാണിച്ചുകൊടുത്തു നമുക്കു ഉപദ്രവകാരികളായ ഈ പ്രാണികൾ എട്ടുകാലി വലക്കുള്ളിൽ കുടുക്കി ഭക്ഷിക്കുന്ന രീതിയാണ് മുത്തശ്ശൻ കാണിച്ചുകൊടുത്തത് ഇനി എന്തുകാര്യം ചെയ്യുമ്പോഴും 10 വട്ടം ആലോചിച്ചേ ചെയ്യാവൂ എന്ന് ഈ കഥ നമ്മളോട് പറയുന്നു.


## വിദ്യാഭ്യാസം സർവ്വധനാൽ പ്രധാനം

ഏതൊരു മനുഷ്യന്റെയും ജീവിതത്തിനു വേണ്ട സമഗ്രമായ അത്യാവശ്യമാണ് വിദ്യാഭ്യാസം. നമ്മളിലുള്ള എല്ലാവരുടെയും ഒരു ചോദ്യചിഹ്നം തന്നെയാണ് വിദ്യാഭ്യാമനുഷ്യന്റെസം.എന്തിനാണ് വിദ്യാഭ്യാസം? ഒരു മനുഷ്യന്റെ ജാതിയോ മതമോ ഒന്നുമല്ല അവനെ സമൂഹത്തിൽ വലിയവനാക്കുന്നത് മറ്റുള്ളവരോടുള്ള അവന്റെ പെരുമാറ്റവുംസംസ്കാരവുമാണ് ഈ സംസ്കാരമെല്ലാം നമുക്ക് വീട്ടിൽ നിന്ന് കിട്ടുന്നതല്ല.നമ്മുടെ പ്രകൃതിയും സ്കൂളുകളും നിന്നെല്ലാം നമുക്ക് അത് ലഭിക്കുന്നു.ചെറിയവനോ വലിയവനോ എന്നുള്ള താരതമ്യവും ഈ കാലഘട്ടത്തിൽ ഇല്ല. അതിനാൽ പണ്ടത്തെ പോലെ ഉയർന്ന ജാതിയിലുള്ളവർക്കാ മാത്രമല്ല അത് പഠിക്കാനുള്ള അവകാശം. ഇന്ന് നമ്മുടെ ലോകം തന്നെ ഐ.ടി വേൾഡ് എന്ന് ആണ് അറിയപ്പെടുന്നത്.

അത്രയധികം വിദ്യയിൽ നമ്മൾ നമ്മുടെ കഴിവ് തെളിയിച്ചു.വിദ്യാഭ്യാസം സർവ്വധനാൽ പ്രധാനം എന്നത് വളരെ വലിയൊരു മഹത് വപനം തന്നെയാണ്. വായിച്ച് വളരുക ചിന്തിച്ച് വിവേകം നേടുക എന്നുള്ള പി.എൻ.പണിക്കരുടെ വചനം നമുക്ക് നെഞ്ചിലേറ്റി മുന്നേറാം.







## സൗഹൃദം



ഹൃദയത്തിനുൾ തുടുപ്പിൽ
ഞാനറിയാതെ
എനിക്കു സമ്മാനിച്ചു
ആരോ ഈ സൗഹൃദം
അതു വളർന്നു ഒരു സുന്ദര-
ചെടിപോൽ സമ്മാനിച്ചു
ഒരായിരം സൗഹൃദപുഷ്പങ്ങൾ
ഇടയിൽ പിണക്കവും ഇണക്കവും
കലർന്ന യെൻ സൗഹൃദം
ഞാനെന്ന ആത്മാവിൽ
വീണ്ടും അറിയാതുണർന്നപ്പോൾ
ഞാൻ മന്ത്രിച്ചു
ഈ സൗഹൃദം അവസാനിക്കാതിരുന്നെങ്കിൽ....

-അയന പി.എസ്